**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 178 **10.03.2020 – ൽ മറുപടിയ്ക്ക്**

## വയോ അമൃതം പദ്ധതി

ചോദ്യം

ശ്രീ.കെ.ഡി.പ്രസേനൻ
ശ്രീ.വി.കെ.സി.മമ്മത് കോയ
ശ്രീ.സജി ചെറിയാൻ
ശ്രീ.എം.നൗഷാദ്

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന വൃദ്ധജനങ്ങൾക്കായി വയോഅമൃതം പദ്ധതി നടപ്പിലാക്കി-യിട്ടുണ്ടോ; | (എ) | ഉണ്ട്.<br>സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള 16 ഗവ.വൃദ്ധസദനങ്ങളിലെ താമസക്കാ-രുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനായി ഭാരതീയ ചികിത്സാ വകുപ്പ് മുഖേന വയോ അമൃതം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | വൃദ്ധസദനങ്ങളിലെ താമസക്കാരെ പരിശോധിച്ച് അവരുടെ ആരോഗ്യ നിലവാരവും രോഗാവസ്ഥയും കണ്ടെത്തി എല്ലാ രോഗങ്ങൾക്കും ആവശ്യമായ ചികിത്സ നൽകുകയും രോഗാവസ്ഥകൾക്കനുസരിച്ച് മരുന്നും, ആവശ്യം വേണ്ടുന്ന ക്രിയാക്രമങ്ങളും നൽകി അവരെ പരിപാലിക്കുന്നു. |
| (സി) | വയോജനങ്ങൾക്കായുള്ള കൗൺസിലിംഗും സാന്ത്വന പരിചരണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്.<br>രോഗാവസ്ഥകൾക്കനുസരിച്ചുള്ള കൗൺസിലിംഗ്, ഫിസിയോ തെറാപ്പി, യോഗ എന്നിവ നൽകി അവരുടെ സമഗ്രമായ ആരോഗ്യം സംരക്ഷിക്കുന്നു. |
| (ഡി) | വൃദ്ധസദനങ്ങളിലെ അന്തേവാസി-കൾക്ക് അടിയന്തര സാഹചര്യങ്ങ-ളിൽ ഡോക്ടർമാരുടെ സേവനം | (സി) | വയോ അമൃതം പദ്ധതിയിലൂടെ ഓരോ വൃദ്ധസദനത്തിലും ഒരു ആയുർവേദ മെഡിക്കൽ ഓഫീസർ, ഒരു അറ്റൻഡർ |

| | | | |
|---|---|---|---|
| | ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള-തെന്ന് വ്യക്തമാക്കാമോ? | | എന്നിവരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ച് സേവനം നൽകുന്നു. കൂടാതെ കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി രണ്ടാഴ്ചയിലൊരിക്കൽ മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ് എന്നീ ടീമെത്തി പരിശോധിച്ച് മരുന്നു നൽകുന്നു. കൂടാതെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന കരാർ വ്യവസ്ഥയിൽ സ്റ്റാഫ് നേഴ്സിന്റെ സേവനം വൃദ്ധസദനങ്ങളിൽ ഒരുക്കിയിട്ടുണ്ട്. അടിയന്തര ചികിത്സ ആവശ്യമായ സാഹചര്യങ്ങളിൽ ആശുപത്രി ചികിത്സയ്ക്കുള്ള ക്രമീകരണങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**